**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1380** **04.12.2014-ൽ മറുപടിക്ക്**

**റോഡ് യൂസർ പെർസപ്ഷൻ സർവ്വെ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ആർ.സെൽവരാജ്**<br>**ശ്രീ.കെ.അച്ചുതൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.കെ.ശിവദാസൻ നായർ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വെ നടത്താൻ കെ. എസ്.റ്റി.പി ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;<br>(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;<br>(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) & (ബി) & (സി) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റിനെ നിയമിച്ച് റോഡ യൂസർ പെർസപ്ഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും, നിലവിലുള്ള പ്രോജക്ട് റോഡുകളെ |

| | | |
|---|---|---|
| | | പ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡു പണി പൂർത്തീകരിച്ച ശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുന്നതിനു വേണ്ടിയും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേയ്ക്കും കൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്. |
| (ഡി) | ഇതിനായി സ്വീകരിച്ച് നടപടികൾ വിശദമാക്കുമോ? | (ഡി) Baseline Road User Perspective Survey നടത്തുന്നതിലേയ്ക്കായി 27.08.2013 ൽ M/s Sherwood Technocrats & Consultants Pvt Ltd എന്ന കൺസൾട്ടന്റിനെ നിയോഗിച്ചു. അന്തിമ റിപ്പോർട്ട് 2014 ജൂലായ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ